SECRETARIAT AIKYA VEDI

THIRUVANANTHAPURAM - 1

Ref : No/SAVE/2002 Date 3-02-02

# പ്രസിദ്ധീകരണത്തിന്

'പക്ഷപാത' രഹിതമായി ഭരിക്കണമെന്ന് ഇൻഡ്യൻ ഭരണഘടന അനുശാസിക്കുമ്പോൾ 'സ്നേഹം' കൂടാതെ ജനങ്ങളെ ഭരിക്കുമെന്നാണ് ആന്റണി മന്ത്രിസഭയിലെ മന്ത്രിമാർ അധികാരത്തിൽ കയറുന്നതിനു മുമ്പ് സത്യപ്രതിജ്ഞ ചെയ്തത്. ഇതു മൂലം ഗുരുതരമായ ഭരണഘടനാലംഘനം നടന്നിരിക്കുകയാണ്. ഈ സർക്കാരിന്റെ നിയമസാധുത തന്നെ ചോദ്യംചെയ്യപ്പെടുന്ന ഈ സാഹചര്യത്തിൽ സംസ്ഥാന ജീവനക്കാരുടെ അനിശ്ചിതകാലസമരം നേരിടാൻ എസ്മയടക്കമുള്ള കരിനിയമങ്ങൾ ഉപയോഗിക്കുവാൻ യാതൊരുവിധ അധികാരവും ഈ സർക്കാരിനില്ല. ഭരണഘടനാടിസ്ഥാനത്തിൽ ശരിയായ രീതിയിൽ പുന:സത്യപ്രതിജ്ഞയെടുത്ത ശേഷം സംസ്ഥാന ജീവനക്കാർക്കെതിരെയെടുത്ത എല്ലാ തീരുമാനങ്ങളും പിൻവലിക്കണമെന്ന് സെക്രട്ടറിയേറ്റ് ഐക്യവേദി ആന്റണി മന്ത്രിസഭയോട് ആവശ്യപ്പെടുന്നു.

(ഇതു സംബന്ധിച്ച് SAVE പുറപ്പെടുവിച്ചിട്ടുള്ള വിശദീകരണനോട്ടീസും ഇതോടൊപ്പം അനുബന്ധിച്ചിട്ടുണ്ട്.)

എൻ.കൃഷ്ണപ്രസാദ്
കൺവീനർ
സെക്രട്ടറിയേറ്റ് ഐക്യവേദി (SAVE)

To

The News Editor,
D.D.1 Dooradarsan,
Trivandrum.

സർ,

മേലുദ്ധരിച്ചിട്ടുള്ള ഞങ്ങളുടെ സംഘടനയുടെ പ്രസ്താവന താങ്കളുടെ മാധ്യമത്തിൽ പ്രസിദ്ധീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

വിനയപൂർവ്വം

എൻ. കൃഷ്ണപ്രസാദ്.
കൺവീനർ
സെക്രട്ടറിയേറ്റ് ഐക്യവേദി (SAVE)

തിരുവനന്തപുരം.
3-2-02